


# സംസ്കാരവും ദേശീയതയും

**1.** ഇന്ത്യയുടെ ദേശീയ ഐക്യത്തിന്റെ അടിസ്ഥാനം

നാനാത്വത്തിൽ ഏകത്വം.

**2.** ദേശീയത

ജാതി- മത- വർഗ്ഗ -പ്രാദേശിക വ്യത്യാസങ്ങൾക്ക് ഉപരിയായി ഒരു രാജ്യത്തെ ജനതയുടെ മാനസിക ഐക്യമാണ് ദേശീയത.

| സ്ഥാപനങ്ങൾ | സ്ഥാപകർ |
|---|---|
| • ഏഷ്യാറ്റിക് സൊസൈറ്റി ഓഫ് ബംഗാൾ | • വില്യം ജോൺസ് |
| • കൽക്കട്ട മദ്രസ | • വാറൻ ഹേസ്റ്റിങ്സ് |
| • ബനാറസ് സംസ്കൃത കോളേജ് | • ജൊനാഥൻ ഡങ്കൻ |

**3.** പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യയിൽ സാംസ്കാരികരംഗത്തും ആശയ തലങ്ങളിലും ഉയർന്നുവന്ന പ്രതിഷേധം

രണ്ടുതരം പ്രതിഷേധം

- ➔ ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന അസമത്വങ്ങൾക്കും തിന്മകൾക്കും അവകാശ നിഷേധങ്ങൾക്കും എതിരായവ .
- ➔ ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചു കൊണ്ടിരുന്ന സാമ്രാജ്യത്വ ചൂഷണത്തിന് എതിരായവ.

**4. 1835** ൽ ഇന്ത്യയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം നടപ്പിലാക്കിയതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാം ?

- ➔ ഇംഗ്ലീഷുകാരുടെ ജീവിതരീതികളോട് താല്പര്യമുള്ള ഒരു തലമുറയെ സൃഷ്ടിക്കുക .
- ➔ വ്യാപാര വളർച്ച നേടുന്നതിന്റെ ഭാഗമായി ശക്തമായ പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിന് ഇന്ത്യൻ ജനതയിൽ ഒരു വിഭാഗത്തിന്റെ പിന്തുണ നേടുക .

**5.**ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിനെതിരായ പ്രതിരോധമാണ് ഇന്ത്യൻദേശീയത.സമർത്ഥിക്കുക**?**

- ➔ പത്തൊമ്പതാം നൂറ്റാണ്ടോടെ ഇന്ത്യയിലേക്ക് കടന്നുവന്ന ഇംഗ്ലീഷ് സംസ്കാരത്തിലൂടെ വിദ്യാഭ്യാസം നേടിയ ഒരു വിഭാഗം ജനാധിപത്യം, സോഷ്യലിസം ,സ്വാതന്ത്ര്യം, യുക്തിചിന്ത, തുല്യനീതി, ശാസ്ത്രബോധം, സോഷ്യലിസം പൗരാവകാശങ്ങൾ എന്നിവയെക്കുറിച്ച് ബോധവാന്മാരായി.
- ➔ അവർ ഇന്ത്യയിൽ നിലനിന്ന സാമൂഹിക ആചാരങ്ങളെയും അനുഷ്ഠാനങ്ങളെയും പരിഷ്കരിക്കാൻ ശ്രമിച്ചു .ഇതിലൂടെ പാശ്ചാത്യ സംസ്കാരത്തിന്റെ കടന്നുകയറ്റത്തെ ചെറുത്തു.
- ➔ ഇന്ത്യൻ സമൂഹം, ഭാഷ ,കല, സാഹിത്യം തുടങ്ങിയവയെ നവീകരിച്ചു .
- ➔ അസമത്വങ്ങളെയും അവകാശ നിഷേധങ്ങളെയും ചെറുക്കാനും ഇന്ത്യൻ ജനതയിൽ ഐക്യബോധം സൃഷ്ടിക്കാനും ഇടയാക്കി.

**6.**ഇന്ത്യയിലെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തിന് വഴിതെളിച്ചത് എന്തെല്ലാം **?**

- ➔ ഇന്ത്യൻ ജനതയിൽ വളർന്നു വന്ന സ്വതന്ത്രചിന്ത .
- ➔ ആധുനികവൽക്കരണത്തോടുള്ള താല്പര്യം .
- ➔ യുക്തിചിന്ത.

**7.**ഇന്ത്യയിലെ സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങളുടെ ലക്ഷ്യങ്ങൾ എന്തെല്ലാം**?**

- ➔ ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന വിവിധ അനാചാരങ്ങളെ എതിർക്കുക.
- ➔ എല്ലാ മനുഷ്യർക്കും വിവേചനങ്ങൾ ഇല്ലാതെ വഴി നടക്കാനും വസ്ത്രം ധരിക്കാനും വിദ്യാഭ്യാസം നേടാനുമുള്ള പൗരാവകാശങ്ങൾ നേടിയെടുക്കുക .

**8.**പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യൻ സമൂഹത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന്റെ ഭാഗമായി സാമൂഹ്യപരിഷ്കർത്താക്കൾ മുന്നോട്ടുവെച്ച ആശയങ്ങൾ എന്തെല്ലാം**?**

- ➔ ജാതി വ്യവസ്ഥ നിർമാർജനം ചെയ്യുക.
- ➔ എല്ലാവരുടെയും അവകാശങ്ങൾ സംരക്ഷിക്കുക.
- ➔ സ്ത്രീകൾക്കെതിരായ വിവേചനങ്ങൾ അവസാനിപ്പിക്കുക.
- ➔ എല്ലാവർക്കും വിദ്യാഭ്യാസം നൽകുക.

- വിധവ പുനർവിവാഹം നടപ്പിലാക്കുക.
- ശൈശവവിവാഹം ,പൗരോഹിത്യ മേധാവിത്വം എന്നിവ അവസാനിപ്പിക്കുക.

**9.** ഇന്ത്യൻ സാമൂഹിക പരിഷ്കരണ പ്രസ്ഥാന രംഗത്ത് രാജാറാംമോഹൻറോയ് നൽകിയ സംഭാവനകൾ എന്തെല്ലാം**?**

- ഇന്ത്യൻ സമൂഹത്തിന്റെ ആധുനികവൽക്കരണ ത്തിനായി വാദിച്ചു.
- ജാതിവ്യവസ്ഥയെയും സതി എന്ന ദുരാചാരത്തെയും ശക്തമായി എതിർത്തു .
- ബംഗാളിൽ ബ്രഹ്മസമാജം എന്ന പ്രസ്ഥാനം സ്ഥാപിച്ചു .
- വിവിധ ജാതികൾ ആയി വിഭജിക്കപ്പെട്ട അന്നത്തെ ഇന്ത്യൻ സമൂഹത്തിന്റെ സ്ഥാനത്ത് ഒരൊറ്റ ഇന്ത്യൻ സമൂഹം എന്ന ആശയം പ്രചരിപ്പിച്ചു.
- ഇന്ത്യക്കാരിൽ രാജ്യസ്നേഹം വളരാനുള്ള സാഹചര്യം സൃഷ്ടിച്ചു.
- സ്ത്രീകളുടെ പദവി ഉയർത്തുന്നതിനായി അവർക്ക് സ്വത്തിനു മേൽ അവകാശം നൽകണമെന്ന് ആവശ്യപ്പെട്ടു.
- ദേശീയ കാഴ്ചപ്പാടോടെ പത്രങ്ങൾക്ക് ഇന്ത്യയിൽ തുടക്കം കുറിച്ചു.

**10.** ഇന്ത്യൻ സാമൂഹിക പരിഷ്കരണ പ്രസ്ഥാന രംഗത്ത് ഈശ്വര ചന്ദ്ര വിദ്യാസാഗർ നൽകിയ സംഭാവനകൾ എന്തെല്ലാം**?**

- ബംഗാളിൽ വിധവകളുടെ പുനർവിവാഹത്തിനായി പ്രവർത്തനം നടത്തി.
- ഇതിന്റെ ഭാഗമായി**1856** ൽ ബ്രിട്ടീഷ് ഗവൺമെൻറ് ഹിന്ദു വിധവ പുനർവിവാഹ നിയമം പാസാക്കി.
- സ്ത്രീകളുടെ വിദ്യാഭ്യാസ പുരോഗതിക്കായി വിദ്യാലയങ്ങൾ സ്ഥാപിച്ചു.

**11.** വിധവകൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി ബോംബെയിൽ ശാരദാസദൻ സ്ഥാപിച്ചത് ആര്**?**

പണ്ഡിത രമാബായി.

**12.** സാമൂഹിക പരിഷ്കർത്താക്കളുടെയും പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി ഇന്ത്യയിൽ ബ്രിട്ടീഷുകാർ നിയമംമൂലം നിരോധിച്ച ഇന്ത്യയിലെ അനാചാരങ്ങൾ

- അടിമത്തം നിരോധിച്ചു.

- ➔ വിധവാ പുനർവിവാഹം നടപ്പിലാക്കി.
- ➔ സതി നിരോധിച്ചു.
- ➔ പെൺശിശുഹത്യ നിരോധിച്ചു.
- ➔ 12 വയസ്സിന് താഴെ പ്രായമുള്ള പെൺകുട്ടികളുടെ വിവാഹത്തിന് വിലക്കേർപ്പെടുത്തി.
- ➔ ശൈശവ വിവാഹവും ബഹുഭാര്യാത്വവും നിരോധിച്ചു.

| പരിഷ്കരണ പ്രസ്ഥാനങ്ങൾ | പരിഷ്കർത്താക്കൾ | ആശയങ്ങൾ |
|---|---|---|
| • ആര്യസമാജം | • സ്വാമി ദയാനന്ദ സരസ്വതി | • വിഗ്രഹാരാധന, ശൈശവ വിവാഹം എന്നിവയെ എതിർത്തു |
| • രാമകൃഷ്ണമിഷൻ | • സ്വാമി വിവേകാനന്ദൻ | • ജാതിവ്യവസ്ഥ, അനാചാരങ്ങൾ എന്നിവയെ എതിർത്തു.<br>• സ്വാതന്ത്ര്യം, സമത്വം, സ്വതന്ത്രചിന്ത എന്നിവ പ്രോത്സാഹിപ്പിച്ചു. |
| • അലിഗഡ് പ്രസ്ഥാനം | • സർ സയ്യിദ് അഹ്മദ് ഖാൻ | • ഇന്ത്യയിലെ മുസ്ലിംകളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കായി വാദിച്ചു. |
| • പ്രാർഥനാസമാജം | • ആത്മാറാം പാണ്ഡുരംഗ് | • മിശ്രഭോജനം, മിശ്രവിവാഹം, വിധവാ പുനർവിവാഹം, സ്ത്രീകളുടെയും പിന്നാക്ക ജനവിഭാഗങ്ങളുടെയും പുരോഗതി എന്നിവയ്ക്കായി നിലകൊണ്ടു. |
| • തിയോസഫിക്കൽ സൊസൈറ്റി | • ആനിബസന്റ് | • ഹിന്ദുമതത്തിന്റെ പുനരുത്ഥാനത്തിനായി നിലകൊണ്ടു. |
| • ഹിതകാരിണി സമാജം | • വീരേശലിംഗം | • വിധവാ പുനർവിവാഹത്തിനും സ്ത്രീകളുടെ വിദ്യാഭ്യാസത്തിനുമായി പ്രചാരണം നടത്തി. |
| • സത്യശോധക് സമാജം | • ജോതിബാ ഫൂലെ | • ദുരാചാരങ്ങളെയും പുരോഹിത മേധാവിത്വത്തെയും എതിർത്തു.<br>• പിന്നാക്കവിഭാഗക്കാർക്കായി വിദ്യാലയങ്ങളാരംഭിച്ചു. |
| • സ്വാഭിമാനപ്രസ്ഥാനം | • ഇ.വി. രാമസ്വാമി നായ്ക്കർ | • ബ്രാഹ്മണമേധാവിത്വത്തെയും ജാതിവ്യവസ്ഥയെയും എതിർത്തു. |
| • ശ്രീനാരായണധർമ പരിപാലനയോഗം | • ശ്രീനാരായണഗുരു | • ജാതിവ്യവസ്ഥയെയും ദുരാചാരങ്ങളെയും എതിർത്തു.<br>• പിന്നാക്കജനവിഭാഗങ്ങളുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതിക്കായി നിലകൊണ്ടു. |

visit www.shenischool.in or whatsapp 7012498606

**13.** പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യൻ ജനതയ്ക്കിടയിൽ ഐക്യം വളർത്തുന്നതിൽ പത്രങ്ങൾ വഹിച്ച പങ്കിനെ കുറിച്ച് വിശദീകരിക്കുക**?**

- ➔ ബ്രിട്ടീഷ് ഭരണത്തിന്റെ  സാമ്പത്തിക ചൂഷണത്തെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.
- ➔ ബ്രിട്ടീഷ് ഭരണത്തിനെതിരായും ഇന്ത്യയിലെ സാമൂഹികമായ തിന്മകൾക്കെതിരായും പ്രതിഷേധിക്കാൻ ജനങ്ങളെ പ്രേരിപ്പിച്ചു.
- ➔ ഇന്ത്യൻ സമൂഹത്തിലെ തിന്മകൾക്കും അനാചാരങ്ങൾക്കും എതിരായി നടക്കുന്ന സാമൂഹിക പരിഷ്കരണത്തെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കി.
- ➔ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും സമത്വത്തിനുമായി ജനങ്ങൾ നടത്തുന്ന പോരാട്ടങ്ങളെ കുറിച്ച് വിവരം നൽകി .
- ➔ ഇന്ത്യയുടെ ഓരോ ഭാഗത്തും നടക്കുന്ന അടിച്ചമർത്തൽ, മർദ്ദക ഭരണം, കൂട്ടക്കൊല എന്നിവയെക്കുറിച്ച് ഇന്ത്യയിലെമ്പാടുമുള്ള ജനങ്ങൾക്ക് വിവരം നൽകി.
- ➔ പ്ലേഗ്, ക്ഷാമം എന്നിവമൂലം ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആയിരക്കണക്കിനാളുകൾ മരണപ്പെട്ട വാർത്ത ഇന്ത്യയിലെമ്പാടും എത്തിച്ചു.
- ➔ സാമൂഹികപരിഷ്കരണം ,ദേശീയത, ജനാധിപത്യം തുടങ്ങിയ ആശയങ്ങൾക്ക് ഊന്നൽ നൽകുകയും ബ്രിട്ടീഷ് ഗവൺമെൻറിന്റെ നയങ്ങളെ എതിർക്കുകയും വിമർശിക്കുകയും ചെയ്തു.

**14.** രാജാറാം മോഹൻറോയ് ബംഗാളി ഭാഷയിൽ ആരംഭിച്ച പത്രം**?**

സംബാദ് കൗമുദി .

**15.** രാജാറാം മോഹൻറോയ് പേർഷ്യൻ ഭാഷയിൽ പുറത്തിറക്കിയ പത്രം**?**

മിറാത് -ഉൽ -അക്ബർ.

**16.1878** ൽ ഇന്ത്യയിൽ വർത്തമാനപത്രങ്ങളെ നിയന്ത്രിക്കാൻ ബ്രിട്ടീഷ് ഗവൺമെൻറ് പാസാക്കിയ നിയമം**?**

പ്രാദേശിക ഭാഷാ പത്ര നിയമം **(vernacular press Act).**

ലിട്ടൻ പ്രഭു നടപ്പിലാക്കി.

**17.** ഇന്ത്യൻ ദേശീയത രൂപപ്പെടുത്തുന്നതിൽ  വിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾ വഹിച്ച പങ്ക് വിലയിരുത്തുക ?

- ➔ ഇന്ത്യക്കാരുടെ സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ പുരോഗതിക്ക് ആധുനിക

വിദ്യാഭ്യാസം നൽകുന്നതിനും ദേശീയബോധം വളർത്തുന്നതിനും ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു.

- ദേശീയ വിദ്യാഭ്യാസം മുന്നോട്ടുവെച്ച മതേതരത്വം ,ദേശീയത ,സ്ത്രീകളുടെ ഉന്നമനം അന്തർദേശീയത ,പാരമ്പര്യകലകളുടെ പുനരുദ്ധാരണം, വൈദേശിക മേധാവിത്വം ,ജാതിവ്യവസ്ഥ എന്നിവയോടുള്ള എതിർപ്പ് എന്നീ ആശയങ്ങൾ പ്രാവർത്തികമാക്കാൻ ദേശീയ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു.
- ദേശീയ വിദ്യാലയങ്ങളിലൂടെ മതേതര വിദ്യാഭ്യാസം നൽകുന്നതിന്റെ ഭാഗമായി **1884** ൽ ജി.ജി .അഗാർക്കർ, ബാലഗംഗാധരതിലക്, മഹാദേവ ഗോവിന്ദ റാനഡെ എന്നിവർ പൂനയിൽ ഡക്കാൻ എഡ്യൂക്കേഷൻ സൊസൈറ്റി സ്ഥാപിച്ചു.സൊസൈറ്റി ഫർഗ്ഗസൻ

  കോളേജ് പൂനെയിൽ സ്ഥാപിച്ചു.
- **1905** ലെ ബംഗാളിൽ ആരംഭിച്ച സ്വദേശി പ്രസ്ഥാനം ദേശീയ വിദ്യാഭ്യാസത്തിന്റെ വളർച്ചയ്ക്ക് വിദ്യാലയങ്ങൾ സ്ഥാപിച്ചു.
- **1916** ൽ ഡി. കെ. കാർവെ സ്ത്രീകളുടെ ഉന്നമനത്തിന് വിദ്യാഭ്യാസം നൽകുന്നതിന് വനിതാ സർവകലാശാല സ്ഥാപിച്ചു.
- പാശ്ചാത്യവും പൗരസ്ത്യവുമായ സംസ്കാരങ്ങൾ യോജിപ്പിച്ചും, അന്തർദേശീയ സാഹോദര്യത്തിന് ഊന്നൽ നൽകിയും രവീന്ദ്രനാഥ ടാഗോർ ബംഗാളിൽ വിശ്വഭാരതി സർവ്വകലാശാല സ്ഥാപിച്ചു.
- മതേതര വിദ്യാഭ്യാസം ദേശീയ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുമെന്ന കാഴ്ചപ്പാടിന്റെ ഭാഗമായി മൗലാന മുഹമ്മദലി ഷൗക്കത്തലി ,ഡോ.സാക്കീർ ഹുസൈൻ, എം .എ അൻസാരി എന്നിവരുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ കേന്ദ്രമായ ജാമിഅ മില്ലിയ ഇസ്ലാമിയ അലിഗഡിൽ സ്ഥാപിച്ചു,
- പാശ്ചാത്യ വിദ്യാഭ്യാസത്തിന്റെ യും കലയുടേയും കടന്നുകയറ്റം ഇന്ത്യയുടെ പാരമ്പര്യ കലാരൂപങ്ങളെ തകർക്കുന്നത് പ്രതിരോധിക്കാനും പാരമ്പര്യ കലാരൂപങ്ങളെ ഉദ്ധരിക്കാനുമായി മഹാകവി വള്ളത്തോൾ നാരായണമേനോൻ തൃശ്ശൂരിൽ കേരളകലാമണ്ഡലം സ്ഥാപിച്ചു.
- തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ ഭാഗമായി മഹാത്മാഗാന്ധി **1937** ൽ വാർധാ വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കി. തൊഴിലുകൾ, പഠിച്ചുവളർന്നുവരുന്ന ഒരു തലമുറയിലൂടെ ബ്രിട്ടീഷുകാരെ പ്രതിരോധിക്കാമെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു .

**18.** ഇന്ത്യൻ ദേശീയ രൂപപ്പെടുത്തുന്നതിൽ ഇന്ത്യൻ സാഹിത്യം വഹിച്ച പങ്ക്**?**

visit www.shenischool.in or whatsapp 7012498606

- ഇന്ത്യൻ സമൂഹത്തിൽ നിലനിന്ന ജീർണ്ണതകൾക്കും ബ്രിട്ടീഷുകാരുടെ സാമ്പത്തിക ചൂഷണത്തിനും എതിരായ പ്രതിഷേധം സാഹിത്യത്തിലും പ്രതിഫലിച്ചു.
- ജനങ്ങൾ നേരിടുന്ന ദുരിതങ്ങളും പ്രതിസന്ധികളും സാഹിത്യകാരന്മാർ തങ്ങളുടെ കൃതികളിൽ ചിത്രീകരിച്ചു. ജനങ്ങളിൽ ഐക്യബോധമുണ്ടാകുകയും ഒറ്റക്കെട്ടായി ചൂഷണവ്യവസ്ഥയ്ക്കെതിരെ പ്രതിഷേധിക്കുകയും ചെയ്തു .
- കവിതകൾ ,നാടകങ്ങൾ ,നോവലുകൾ തുടങ്ങിയവയിലൂടെ എഴുത്തുകാർ ജനങ്ങളിൽ ചൂഷണവിരുദ്ധ മനോഭാവവും രാജ്യസ്നേഹവും സ്വഷ്ടിച്ചു.
- പ്രാദേശിക ഭാഷകളിൽ രചിക്കപ്പെട്ട കൃതികൾ നിരക്ഷരരായ ജനങ്ങളും സാക്ഷരരായ വരേണ്യവർഗ്ഗ വും തമ്മിലുള്ള അന്തരം കുറച്ചു.
- ശിശിർ കുമാർ ഘോഷ് ,സത്യേന്ദ്ര നാഥ് ടാഗോർ തുടങ്ങിയവരുടെ നേതൃത്വത്തിൽ അവതരിപ്പിച്ച നാടകത്തിലൂടെ "ഭാരത് മാതാ" എന്ന സങ്കല്പം ആദ്യമായി പൊതുവേദിയിൽ പ്രത്യക്ഷപ്പെട്ടു .
- ബംഗാളി സാഹിത്യകാരനായ ബങ്കിം ചന്ദ്ര ചാറ്റർജി ഒരു പാശ്ചാത്യ സാഹിത്യ രൂപമായിരുന്ന നോവലിലൂടെ ഇന്ത്യക്കാരുടെ ജീവിതയാഥാർത്ഥ്യങ്ങൾ ചിത്രീകരിച്ചു. ബംഗാളിലെ കർഷകർ നടത്തിയ സന്യാസി കലാപം പ്രമേയമാക്കി "ആനന്ദമഠം" എന്ന നോവൽ അദ്ദേഹം രചിച്ചു .
- ബംഗാളിലെ കർഷകരുടെ അവസ്ഥയും സമ്പന്നരും സാധാരണക്കാരും തമ്മിലുള്ള വ്യത്യാസവും ഇന്ത്യൻ ജനതയെ ബോധ്യപ്പെടുത്തി.
- ബംഗാളി നാടകകൃത്തായ ദീനബന്ധു മിത്ര രചിച്ച "നീൽദർപ്പൺ" ബംഗാളിലെ നീലം കർഷകർ അനുഭവിച്ച ചൂഷണത്തെ ചിത്രീകരിച്ചു ."നീൽ ദർപ്പണിൽ" ചിത്രീകരിച്ച കർഷകരുടെ പ്രശ്നങ്ങൾ സുരേന്ദ്രനാഥ് ബാനർജി സ്ഥാപിച്ച ഇന്ത്യൻ അസോസിയേഷൻ എന്ന ആദ്യകാല രാഷ്ട്രീയ പ്രസ്ഥാനം ഏറ്റെടുത്തു

ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ കർഷക കലാപങ്ങൾക്ക് ഈ നാടകം പ്രചോദനമായി.

- സാരേ ജഹാം സേ അച്ഛാ, ഹിന്ദുസ്ഥാൻ ഹമാര എന്ന ഗാനം രചിച്ച ഉറുദു കവിയായ അല്ലാമാ മുഹമ്മദ് ഇഖ് ബാൽ കവിതകളിലൂടെ ഇന്ത്യയുടെ പ്രകൃതി ഭംഗി ,ഐക്യബോധം എന്നിവ പാടിപ്പുകഴ്ത്തി.
- ഇന്ത്യ എന്ന ഏക രാഷ്ട്രത്തെ കുറിച്ചുള്ള ബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ ഇവരുടെ രചനകൾ കാരണമായി . വിവിധ ഭാഷകളിൽ നിരവധി സാഹിത്യകാരന്മാർ രാജ്യസ്നേഹവും ദേശാഭിമാന ബോധവും തുളുമ്പുന്ന സാഹിത്യ കൃതികൾ രചിച്ചു.


**19.** ഇന്ത്യൻ ദേശീയത രൂപപ്പെടുത്തുന്നതിൽ ഇന്ത്യൻ കലകൾ വഹിച്ച പങ്ക്?

- ബംഗാളി ചിത്രകാരനായ അബനീന്ദ്ര നാഥടാഗോർ സ്വദേശി സമരകാലത്ത് ,ജനങ്ങൾക്ക് ആഹാരം,വസ്ത്രം,വിജ്ഞാനം എന്നിവ നൽകുന്ന "ഭാരത മാതാവിനെ" ചിത്രീകരിച്ചു.
- ഈ ചിത്രം ഇന്ത്യക്കാരിൽ ദേശസ്നേഹം വളർത്തി.
- ഇന്ത്യൻ ചിത്രകലയെ പാശ്ചാത്യ സ്വാധീനത്തിൽ നിന്ന് മോചിപ്പിക്കാനും ഭാരതീയ സംസ്കാരത്തിലും ദേശീയ പാരമ്പര്യത്തിലും അടിയുറച്ച പൗരസ്ത്യ ചിത്രകലക്കായി കൽക്കത്തയിൽ ഇന്ത്യൻ സൊസൈറ്റി ഓഫ് ഓറിയൻറൽ ആർട്സ് സ്ഥാപിച്ചു.
- പാശ്ചാത്യ രീതി ഉൾക്കൊണ്ട് മലയാളിയായ രാജാരവിവർമ്മ ഇന്ത്യൻ പുരാണങ്ങളിലെയും സാഹിത്യകൃതികളിലെയും വിവിധ സന്ദർഭങ്ങൾ ചിത്രീകരിച്ചു.
- ഇന്ത്യയിലെ സാഹിത്യകൃതികൾ, ചരിത്ര സംഭവങ്ങൾ എന്നിവയിൽ നിന്നുമുള്ള സന്ദർഭങ്ങളെ നന്ദലാൽ ബോസ് തന്റെ ചിത്രങ്ങൾക്ക് വിഷയമാക്കി ."സതി" എന്ന അദ്ദേഹത്തിൻറെ ശ്രദ്ധേയമായ ചിത്രം ദുരാചാരങ്ങൾ ക്കെതിരായ മനോഭാവം ഇന്ത്യക്കാരിൽ വളർത്തി .“ഗ്രാമീണ ചെണ്ടക്കാരൻ” എന്ന ചിത്രം **1938** ൽ ത്രിപുരയിൽ നടന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ സമ്മേളനത്തിൽ പ്രദർശിപ്പിച്ചു.
- ഇന്ത്യയുടെ ഗ്രാമങ്ങളിലെ ജീവിതദുരിതങ്ങൾ വെളിച്ചം കുറഞ്ഞ വർണ്ണങ്ങളിൽ ,"ഗ്രാമീണ ജീവിതം " ചിത്രത്തിലൂടെ അമൃത ഷെർഗിൽ ചിത്രീകരിച്ചു .
- ഇന്ത്യയിലെ ജീവിതത്തെയും സംസ്കാരത്തെയും ചിത്രീകരിച്ച സൃഷ്ടികൾ ഇന്ത്യക്കാരുടെ മനസ്സിൽ ഒരൊറ്റ ഇന്ത്യയുടെ ചിത്രം വരച്ചു.
- രവീന്ദ്രനാഥ ടാഗോർ രചിച്ച ദേശീയ ഗാനവും ദേശീയബോധം സൃഷ്ടിച്ചു.
- ദേശീയ ഗീതങ്ങളും ചിത്രങ്ങളും ചിഹ്നങ്ങളും ഇന്ത്യയുടെ സ്വാതന്ത്ര്യ പ്രക്ഷോഭത്തിലൂടെ നീളം ഉപയോഗിക്കപ്പെട്ടു. ദേശീയബോധം വളർത്തുന്നതിൽ നിർണായക പങ്കുവഹിച്ചു.

**20.** സ്വദേശി സമര കാലത്ത് ആദ്യമായി ത്രിവർണ പതാകയ്ക്ക് രൂപം നൽകി .ബ്രിട്ടിഷ് ഇന്ത്യയിലെ എട്ട് പ്രവിശ്യകളെ പ്രതിനിധീകരിക്കുന്ന എട്ടു താമരകളും ഹിന്ദു-മുസ്‌ലിം ഐക്യത്തിന്റെ പ്രതീകമായി ഒരു അർദ്ധ ചന്ദ്രനും അടങ്ങിയതായിരുന്നു ആ പതാക.

**1947-**ലാണ് ഇന്നത്തെ ത്രിവർണ്ണപതാക സ്വീകരിച്ചത്.

ഗാന്ധിജിയുടെ നേതൃത്വത്തിൽ ചർക്കയോടു കൂടിയ ദേശീയ പതാകയ്ക്ക് രൂപം നൽകി . ഇന്ത്യൻ ജനതയുടെ സ്വാശ്രയത്വത്തിന്റെയും വിദേശാധിപത്യത്തിനെതിരായ പ്രതിഷേധത്തിന്റെയും പ്രതീകമായിരുന്നു ചർക്ക.




**PREPARED BY**

**Linson k davis (H S T social science)**

**SMTGHSS CHELAKKARA**

**THRISSUR**

**MOB NO-9746800200.**

**linsondavi34@gmail.com**